➪ *2014 സെപ്തംബർ 19ന് ഹരിത ട്രിബ്യൂണലിൽ സത്യവാങ്മൂലം സമർപ്പിച്ചു* ➪

# ഗാഡ്ഗിൽ പടിക്ക്പുറത്ത്:
# പശ്ചിമഘട്ട സമരങ്ങൾ ഇനി ഏതുവഴിയിൽ?

പശ്ചിമഘട്ട സംരക്ഷണത്തിന് ഗാഡ്ഗിൽ വേണ്ട, കസ്തൂരിരംഗൻ മതിയെന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട് ദേശീയ ഹരിത ട്രിബ്യൂണലിൽ കേന്ദ്ര സർക്കാർ അന്തിമ സത്യവാങ്മൂലം സമർപ്പിച്ചതോടെ ഗാഡ്ഗിൽ റിപ്പോർട്ടിന് വേണ്ടിയുള്ള നിയമപോരാട്ടങ്ങൾ അവസാനിച്ചിരിക്കുകയാണ്. ഒരു രാഷ്ട്രീയ തീരുമാനമായി ഗാഡ്ഗിൽ റിപ്പോർട്ട് ഇനിയും പരിഗണിക്കപ്പെടുമോ? പശ്ചിമഘട്ട സംരക്ഷണ സമരങ്ങൾക്ക് ഇനി എന്താണ് സാധ്യതകൾ?

**കേരളീയം ഡസ്ക്**

**രണ്ട്** വർഷത്തിലേറെയായി നീണ്ടുനിന്ന വ്യവഹാരങ്ങൾക്കും വിവാദങ്ങൾക്കും വിരാമമിട്ടുകൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ കാര്യത്തിൽ ഒരു അന്തിമ തീർപ്പിലെത്തിയിരിക്കുകയാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം. ഇതിനിടയിൽ ഭരണം തന്നെ ഒന്ന് മാറിമറിഞ്ഞത് ഒഴിച്ചാൽ പശ്ചിമഘട്ട സംരക്ഷണത്തിനായി നിയോഗിക്കപ്പെട്ട ഗാഡ്ഗിൽ-കസ്തൂരിരംഗൻ കമ്മിറ്റികളോടും അവരുടെ റിപ്പോർട്ടുകളോടും കേന്ദ്ര സർക്കാറിനുള്ള സമീപനത്തിൽ ലവലേശം വ്യത്യാസമുണ്ടായിട്ടില്ല എന്നാണ് ഇതോടെ വ്യക്തമായിരിക്കുന്നത്. പശ്ചിമഘട്ട സംരക്ഷണത്തിന് ഗാഡ്ഗിൽ വേണ്ട, കസ്തൂരിരംഗൻ മതിയെന്ന് ഉറപ്പിച്ചുപറഞ്ഞുകൊണ്ട് ദേശീയ ഹരിത ട്രിബ്യൂണലിൽ സത്യവാങ്മൂലം സമർപ്പിച്ച് എൻ.ഡി.എ സർക്കാറും തങ്ങളുടെ നയം വെളിപ്പെടുത്തിയിരിക്കുന്നു. അതോടെ പ്രസ്തുത വിഷയത്തിൽ രണ്ട് വർഷത്തിലേറെയായി നീണ്ടുനിന്ന കോടതി ഇടപെടലുകൾ അവസാനിച്ചിരിക്കുന്നതായി അറിയിച്ച് ഹരിത ട്രിബ്യൂണൽ കേസ് തീർപ്പാക്കി. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി ഗോവാ ഫൗണ്ടേഷൻ എന്ന പരിസ്ഥിതി സംഘടന നടത്തിയ നിയമ പോരാട്ടത്തിനും ഒരു താത്കാലിക വിരാമം. പലതവണ അവധി ചോദിച്ചിരുന്നെങ്കിലും ഒടുവിൽ കസ്തൂരിരംഗൻ റിപ്പോർട്ടാണ് പശ്ചിമഘട്ട സംരക്ഷണത്തിനായി പരിഗണിക്കുന്നതെന്ന് അറിയിച്ചുകൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സെക്രട്ടറി 2014 സെപ്തംബർ 19ന് ഹരിത ട്രിബ്യൂണലിൽ സത്യവാങ്മൂലം സമർപ്പിച്ചു. അതിനെ തുടർന്നാണ് സെപ്തംബർ 25ന് കേസ് തീർപ്പാക്കിക്കൊണ്ടുള്ള ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് വരുന്നത്. നിലവിലെ തീരുമാനത്തിനനുസരിച്ച് അന്തിമ വിജ്ഞാപനം എത്രയും പെട്ടെന്ന് പുറപ്പെടുവിക്കണമെന്നും അതുവരെ 2013 നവംബർ 13ന്റെ ഓഫീസ് മെമ്മോറാണ്ടത്തിലൂടെ വ്യക്തമാക്കിയ നിരോധനങ്ങൾ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ തുടരണമെന്നും ട്രിബ്യൂണൽ വിധി പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെടുന്നുണ്ട്. പശ്ചിമഘട്ട സംരക്ഷണത്തിന്റെ കാര്യത്തിൽ അന്തിമ തീരുമാനങ്ങളെടുക്കാനുള്ള കർത്തവ്യം പരിസ്ഥിതി മന്ത്രാലയത്തിൽ മാത്രമായി അർപ്പിച്ച് വ്യവഹാരങ്ങൾ അവ

സാനിപ്പിക്കുന്ന തരത്തിലുള്ള ഉത്തരവാണ് വന്നിരിക്കുന്നത്.

പരിസ്ഥിതി വിഷയങ്ങളുടെ ഗുണദോഷ വശങ്ങൾ പ്രത്യേകമായി പരിഗണിച്ച് തീർപ്പുകൽപ്പിക്കുന്നതിനുള്ള അധികാരം നിക്ഷിപ്തമായിട്ടുള്ള കോടതിയായിട്ടും ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പാരിസ്ഥിതിക മെറിറ്റ് വിലയിരുത്തുന്ന സമീപനത്തിലേക്കെത്താതെ പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്ന നിലയാണ് ഹരിത ട്രിബ്യൂണൽ കേസിലുടനീളം കൈക്കൊണ്ടത്. അന്തിമവിധിയും ആ നിലയുടെ ഒരു തുടർച്ചതന്നെയായിരുന്നു. സംസ്ഥാനങ്ങളുടെയും വ്യക്തികളുടെയും കക്ഷികളുടെയും താത്പര്യങ്ങൾ അപകടത്തിലാകാതെ ഔചിത്യപൂർവ്വമുള്ള തീരുമാനം എത്രയും വേഗമെടുക്കണം എന്നാണ് വിധി പറയുന്നത്. അതേസമയം അന്തിമവിജ്ഞാപനം വരുന്നതുവരെ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതിയോ പാരിസ്ഥിതിക അംഗീകാരമോ നൽകാൻ പാടില്ല എന്നും വിധി വ്യക്തമാക്കുന്നുണ്ട്. അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് പരിസ്ഥിതി ദുർബല പ്രദേശങ്ങളെ സംബന്ധിച്ച എല്ലാ പരാതികളും നേരിട്ടുള്ള സ്ഥല പരിശോധനയിലൂടെ (physical verification) വിലയിരുത്തുമെന്ന് സത്യവാങ്മൂലത്തിൽ പരിസ്ഥിതി മന്ത്രാലയം വ്യക്തമാക്കിയതിനാൽ മന്ത്രാലയത്തിന്റെ അധികാര പരിധിയിൽ കൈകടത്താൻ ഉദ്ദേശിക്കുന്നില്ല എന്നും ഹരിത ട്രിബ്യൂണൽ ഡൽഹി പ്രിൻസിപ്പൽ ബഞ്ചിന്റെ വിധി വ്യക്തമാക്കുന്നു. കേരളം സ്ഥല പരിശോധന പൂർത്തിയാക്കുകയും അതുപ്രകാരമുള്ള പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പരിഷ്കരിച്ച ഭൂപടം കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ള കാര്യം വിധിയിൽ കോടതി പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതിന്റെ കാര്യത്തിലും കേന്ദ്രം വേഗം തീരുമാനമെടുക്കാൻ വിധി നിർദ്ദേശിക്കുന്നു. കേരള സർക്കാർ നിയോഗിച്ച ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച പരിസ്ഥിതി ദുർബല മേഖലകളുടെ ആ പുനർനിർണ്ണയ മാപ്പുകൾക്ക് മേലുള്ള തീരുമാനവും ഇനി കേന്ദ്രത്തിന്റെ അന്തിമ വിജ്ഞാപനത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതിനായി കാത്തിരിക്കുകയാണ് കേരളത്തിലെ സർക്കാറിന്റെയും ജനങ്ങളുടെയും വിധിയെന്ന് പറഞ്ഞുവയ്ക്കുന്നു ഹരിത ട്രിബ്യൂണലിന്റെ വിധിന്യായം. കോടതിക്കുള്ളിലെ നിയമയുദ്ധവും തെരുവിലെ പോർവിളികളും കെട്ടടങ്ങുമ്പോൾ ചിത്രത്തിലില്ലാത്തവിധം മാഞ്ഞുപോയ ഗാഡ്ഗിൽ റിപ്പോർട്ടിനെ ഇനി എങ്ങനെ ഉയർത്തെഴുന്നേൽപ്പിക്കാം എന്ന ആലോചനയിലാണ് പരിസ്ഥിതി ഗ്രൂപ്പുകൾ. കോടതി നടപടികൂടി പൂർത്തിയായതോടെ ഗാഡ്ഗിൽ റിപ്പോർട്ടിനായുള്ള ശ്രമങ്ങളുടെ ഒരു വഴി അടഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യം പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള പ്രക്ഷോഭങ്ങളെ കൂടുതൽ കരുത്താർജ്ജിപ്പിക്കുമോ? അതോ കസ്തൂരിരംഗന്റെ 'വെള്ളംചേർത്ത' റിപ്പോർട്ടുമായി മുന്നോട്ട് പോകാനുള്ള കേന്ദ്ര സർക്കാറിന്റെ ശ്രമത്തിനെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുള്ള മറ്റ് വഴികൾ വെളിപ്പെട്ടുവരുമോ?

പരിസ്ഥിതി വിഷയങ്ങളുടെ ഗുണദോഷ വശങ്ങൾ പ്രത്യേകമായി പരിഗണിച്ച് തീർപ്പുകൽപ്പിക്കുന്നതിനുള്ള അധികാരം നിക്ഷിപ്തമായിട്ടുള്ള കോടതിയായിട്ടും ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പാരിസ്ഥിതിക മെറിറ്റ് വിലയിരുത്തുന്ന സമീപനത്തിലേക്കെത്താതെ പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്ന നിലയാണ് ഹരിത ട്രിബ്യൂണൽ കേസിലുടനീളം കൈക്കൊണ്ടത്. അന്തിമവിധിയും ആ നിലയുടെ ഒരു തുടർച്ചതന്നെയായിരുന്നു.

സങ്കീർണ്ണമായ ഈ സാഹചര്യത്തെ മറികടക്കുന്നതിനുള്ള ആലോചനകളുമായി പരിസ്ഥിതി സംഘങ്ങൾ മുന്നോട്ട് പോകുമ്പോൾ ഗാഡ്ഗിൽ–കസ്തൂരിരംഗൻ വിരുദ്ധ പ്രക്ഷോഭങ്ങൾ കേരള സമൂഹത്തിൽ ഉയർത്തിയ ചോദ്യങ്ങൾ ഇപ്പോഴും കനലടങ്ങാതെ കിടപ്പുണ്ട് എന്നത് പരിഗണിക്കേണ്ട വസ്തുതയാണ്. മലയോര കർഷക സമരങ്ങൾ അനാവരണം ചെയ്ത കുറേ പരോക്ഷസത്യങ്ങളേയും അതിന് കാരണഹേതുവായ കുടിയേറ്റക്കാർ–പരിസ്ഥിതി പ്രവർത്തകർ എന്ന സംഘർഷാത്മക ദ്വന്ദ്വത്തെയും സൂക്ഷ്മമായി വിലയിരുത്താതെ മുന്നോട്ട് പോകാൻ കഴിയില്ല എന്നതും പ്രതിബന്ധമാണ്. ഉമ്മൻ കമ്മിറ്റി പറഞ്ഞതനുസരിച്ചുള്ള ഒഴിവാക്കലുകളിലൂടെ ഒന്നുകൂടി നേർപ്പിക്കപ്പെട്ട കസ്തൂരിരംഗൻ റിപ്പോർട്ട് അന്തിമ വിജ്ഞാപനമായെത്തിയാൽ ഒരുപക്ഷെ ഹൈറേഞ്ച് സമരങ്ങൾ കെട്ടടങ്ങുമായി



2014 ഏപ്രിൽ- മെയ് മാസത്തിൽ നടന്ന പശ്ചിമഘട്ട സംവാദ യാത്ര ആറളം ഫാമിൽ എത്തിയപ്പോൾ

രിക്കും. എന്നാൽ പശ്ചിമഘട്ട സംരക്ഷണത്തിനായി ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വെച്ച ജനാധിപത്യ-പാരിസ്ഥിതിക ഭരണസമീപനം കശക്കിയെറിയപ്പെട്ടു എന്നത് വികേന്ദ്രീകൃത അസൂത്രണത്തിന്റെ വീമ്പുപറയുന്ന കേരളത്തിന് ഒട്ടും ആശാസ്യമല്ല. അധികാര വികേന്ദ്രീകരണത്തിന് വഴിതുറന്ന ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ അന്തഃസത്തയെ ഉൾക്കൊണ്ടുകൊണ്ട് വികസനകാര്യങ്ങളിലെ ജനപങ്കാളിത്തത്തെക്കുറിച്ച് ആവർത്തിച്ചുപറയുന്ന ഒരു റിപ്പോർട്ടിനെ, ജനങ്ങളെ ഒഴിവാക്കുന്ന കേന്ദ്രീകൃത പരിസ്ഥിതി സംരക്ഷണ നിയമങ്ങളെ നിശിതമായി വിമർശിക്കുന്ന ഒരു റിപ്പോർട്ടിനെ, പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ നിർണ്ണയത്തിൽ ഗ്രാമസഭയുടെ തീരുമാനത്തിനും പഞ്ചായത്തിന്റെ അനുമതിക്കും അവസരം നൽകിയ ഒരു റിപ്പോർട്ടിനെ ഒരു വിഭാഗം ജനങ്ങൾതന്നെ എതിർക്കുന്നതിന്റെ കാരണങ്ങളെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് കാണാതിരിക്കാൻ കഴിയില്ല. അബദ്ധധാരണകളെ സ്ഥാപിത താത്പര്യങ്ങൾ വഴിതിരിച്ചുവിട്ടതിലൂടെ സൃഷ്ടിക്കപ്പെട്ട കലാപമായിരുന്നിരിക്കാം പലതും. എങ്കിലും അതൊന്നും കാണാതെ പോകുന്നത് അബദ്ധമാകും. കാരണം, അതേ അബദ്ധധാരണകളാൽ രൂപപ്പെട്ട ഒരു തെറ്റായ വികസന സങ്കൽപ്പം അത്യന്തം പാരിസ്ഥിതിക വിരുദ്ധമായി കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യം കൺമുന്നിൽതന്നെയുണ്ടല്ലോ.

പശ്ചിമഘട്ട സംരക്ഷണത്തിനും ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ രണ്ടാംഘട്ടത്തിലേക്ക് കടക്കുമ്പോൾ ഒന്നാം ഘട്ടത്തിൽ കഴിഞ്ഞുപോയ ചില സംഭവവികാസങ്ങൾ ഒരിക്കൽക്കൂടി ഓർക്കേണ്ടതുണ്ട്, വിലയിരുത്തേണ്ടതുണ്ട്. കാട്കത്തിക്കുന്നതിലേക്ക് പോലും എത്തിച്ചേർന്ന പ്രക്ഷോഭങ്ങളുടെ ബാക്കിപത്രങ്ങൾ മുതൽ കോടതി വിധി വരെ എത്തിനിൽക്കുന്ന കാര്യങ്ങളിലൂടെ ഒന്ന് കണ്ണോടിക്കാം.

**2013 നവംബർ 13ലെ വിജ്ഞാപനം**

കസ്തൂരിരംഗൻ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചതിനെ തുടർന്നുള്ള നടപടികൾ ആരംഭിച്ചതിന്റെ ആദ്യസൂചന പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ഉണ്ടാകുന്നത് 2013 നവംബർ 13ന്റെ വിജ്ഞാപനം പുറത്തുവരുന്നതിലൂടെയാണ്. അന്തിമവിജ്ഞാപനം വരുന്നതുവരെ ഈ വിജ്ഞാപനം നിലനിൽക്കുമെന്നാണ് ഹരിത ട്രിബ്യൂണലിന്റെ വിധി പറയുന്നത്. എന്താണ് ഈ വിജ്ഞാപനത്തിലുള്ളത്? മേഖലാ അടിസ്ഥാനത്തിൽ പങ്കാളിത്തത്തോടെയുള്ള നിയന്ത്രണം എന്നതായിരുന്നു പരിസ്ഥിതി ദുർബല പ്രദേശങ്ങൾക്കായി ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വച്ച സമീപനം. എന്നാൽ കസ്തൂരിരംഗൻ റിപ്പോർട്ട് പങ്കാളിത്തത്തിൽ ഒട്ടും വിശ്വസിക്കുന്നുണ്ടായിരുന്നില്ല. (ഒന്നുകിൽ സമ്പൂർണ്ണ നിരോധനം അല്ലെങ്കിൽ പൂർണ്ണമായും തുറന്നുകൊടുക്കൽ എന്ന നിലവിലെ വികസന സമീപനത്തിന് സമാനം). കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചതിലൂടെ അത്തരത്തിലുള്ള നിരോധനങ്ങളാണ് നവംബർ 13ന്റെ വിജ്ഞാപനവും കൊണ്ടുവന്നത്. (പട്ടിക 1). ചില നിയന്ത്രണങ്ങളെക്കുറിച്ചും വിജ്ഞാപനം പറയുന്നുണ്ട്. വേനലിൽ നീരൊഴുക്കിന്റെ 30 ശതമാനം നിലനിർത്താൻ ജലവൈദ്യുത പദ്ധതികൾക്ക് കഴിയണം, വനത്തിന്റെ സ്വഭാവവും ജൈവവൈവിധ്യവുമെ

ല്ലാം പഠിച്ച ശേഷം മാത്രമെ പദ്ധതികൾക്ക് അനുമതി നൽകാവൂ, ഓറഞ്ച് കാറ്റഗറിയിലുള്ള വ്യവസായങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ കർശന മേൽനോട്ടത്തിലെ നടത്താവൂ, വനഭൂമി വനേതര ആവശ്യത്തിനായി ഉപയോഗിക്കണമെങ്കിൽ പദ്ധതിയുടെ അപേക്ഷ വരുന്നതുമുതൽ നടപ്പാവുന്ന ഘട്ടം വരെയുള്ള പ്രവർത്തനങ്ങൾ സുതാര്യമായിരിക്കണം എന്നുപോകുന്നു നിയന്ത്രണ നിർദ്ദേശങ്ങൾ. (നിയന്ത്രണങ്ങൾക്ക് സമൂഹത്തിന്റെ മുൻകൈവേണമെന്നായിരുന്നു ഗാ

മാറ്റിവരച്ച് നൽകിയിട്ടുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങൾക്ക് ആ നടപടി പൂർത്തിയാക്കാത്തതിനാൽ തീരുമാനം വൈകുകയാണ്. ഭൂപടം തയ്യാറാക്കുന്നതിന് ഡിസംബർ 15 വരെ സമയം നൽകിയിട്ടുണ്ട്.

**ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് പരിശോധിക്കേണ്ടതില്ലേ?**

കസ്തൂരിരംഗൻ റിപ്പോർട്ടിനെ തുടർന്നുണ്ടായ എതിർപ്പുകളെ നേരിടുന്നതിനായി കേരള സർക്കാർ രൂപീകരിച്ച കമ്മിറ്റിയാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ചെ




2014 നവംബർ 1ന് കോട്ടയത്ത് നടന്ന പശ്ചിമഘട്ട സംരക്ഷണ കൺവെൻഷന്റെ ഭാഗമായി സംഘടിപ്പിച്ച മാർച്ച്

ഡ്ഗിൽ കമ്മിറ്റി പറഞ്ഞത്. കസ്തൂരിരംഗൻ ആ അധികാരം വീണ്ടും അഴിമതി നിറഞ്ഞ ഉദ്യോഗസ്ഥ സംവിധാനങ്ങളെ തന്നെ ഏൽപ്പിച്ചു). കസ്തൂരിരംഗൻ കമ്മിറ്റി കണ്ടെത്തിയ പരിസ്ഥിതി ദുർബല മേഖലകൾക്കെല്ലാം ഈ പറഞ്ഞ നിയന്ത്രണങ്ങൾ ബാധകമാണെങ്കിലും പരിസ്ഥിതി ദുർബല മേഖലകളുടെ അന്തിമരൂപം തീരുമാനിക്കുന്നതിനുള്ള ഉത്തരവാദിത്തം പിന്നീട് സംസ്ഥാനങ്ങൾക്ക് നൽകി. ആ അന്തിമരൂപത്തിനനുസരിച്ച് പുതിയ വിജ്ഞാപനം വരുന്നത് വരെ നവംബർ 13ന്റെ വിജ്ഞാപന പ്രകാരമുള്ള നിയന്ത്രണങ്ങൾ എല്ലാ പരിസ്ഥിതി ദുർബല പ്രദേശങ്ങളിലും നിലനിൽക്കും. കേരളം ഉൾപ്പെടെ ആറ് സംസ്ഥാനങ്ങൾക്കും ഇത് ബാധകമാണ്. കേരളത്തിൽ 123 വില്ലേജുകളാണ് പരിസ്ഥിതി ദുർബല പ്രദേശമായി കസ്തൂരിരംഗൻ കമ്മിറ്റി കണ്ടെത്തിയിരുന്നത്. കേരളം ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ച് പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ ഭൂപടം

യർമാനായ ഡോ. ഉമ്മൻ.വി. ഉമ്മൻ അധ്യക്ഷനായ സമിതി. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ അന്തിമമായി നിർണ്ണയിക്കുക എന്നതിനേക്കാൾ പ്രധാനമായി കൃഷി സ്ഥലങ്ങളെയും തോട്ടങ്ങളെയും എങ്ങനെയെങ്കിലും ഇ.എസ്.എയിൽ നിന്നും ഒഴിവാക്കി എതിർപ്പുകൾ കുറയ്ക്കുക എന്നതായിരുന്നു സർക്കാറിന്റെ ഉദ്ദേശം. ഉമ്മൻ സമിതി അതുതന്നെ നടപ്പിലാക്കുകയും ചെയ്തു. 2013 ഒക്ടോബർ 29ന് സംസ്ഥാന സർക്കാർ ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി രൂപീകരിക്കുമ്പോൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കസ്തൂരിരംഗൻ കമ്മിറ്റി കണ്ടെത്തിയ ഇ.എസ്.എയുടെ അതിരുകൾ ഭേദഗതി ചെയ്യാൻ സംസ്ഥാനങ്ങൾക്ക് അനുമതി നൽകുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. 2013 ഡിസംബർ 20നാണ് കേന്ദ്രം അത്തരത്തിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഉമ്മൻ കമ്മിറ്റിയിലൂടെ കേരളം ഒരുമുഴം മുമ്പേ എറിഞ്ഞു. 2013 ഡിസംബർ 21നാണ് ഇ.എസ്.എകൾ പു

നഃർനിർണ്ണയിക്കുന്നതിന് കേരള സർക്കാർ പഞ്ചായത്തുകൾക്ക് ഉത്തരവ് നൽകുന്നത്. ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി തന്നെ അതിന്റെയും മേൽനോട്ടം വഹിച്ചു. തെറ്റുപറയാൻ പറ്റാത്ത ഒന്നുണ്ട്. വളരെ മികച്ച രീതിയിലുള്ള പൊതുജന സമ്പർക്കമാണ് ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി നടത്തിയത്. മലയോര കർഷകരുടെ സമരങ്ങൾ സർക്കാറിനെ ശരിക്കും പ്രതിസന്ധിയിലാക്കി എന്നതിന് തെളിവുകൂടിയായിരുന്നു അത്. (പരിസ്ഥിതി പ്രവർത്തകരുടെ വാദങ്ങൾ പരിഗണിക്കുന്നതിന് സർക്കാർ തലത്തിൽ കൺസൾട്ടേഷൻ ഒന്നും തന്നെ നടന്നില്ല എന്നതും ഓർക്കണം). മീറ്റിംഗുകളിലേക്ക് ജനം ഇരച്ചുകയറി പരാതികൾ ബോധിപ്പിച്ചു. ഇടുക്കി, വയനാട് ജില്ലകളിലെ തെളിവെടുപ്പ് വേദികൾ ജനസാഹരം തന്നെയായി മാറി. ആകെ 30 സിറ്റിംഗുകൾ നടത്തി, 8976 പരാതികൾ സ്വീകരിച്ചു. പരാതികളുടെ ഒരു മഹാപ്രവാഹം തന്നെ ഏറ്റുവാങ്ങിക്കൊണ്ട് ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി. പശ്ചിമഘട്ട മേഖലയിൽ വികസനം മുരടിക്കാൻ പാടില്ല എന്നതുതന്നെയായിരുന്നു റിപ്പോർട്ടിന്റെ ചുരുക്കം. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ തുടർച്ചയായ ഭരണനടപടിക്രമങ്ങളുടെ ഭാഗമായി പുറത്തുവന്ന പ്രധാനരേഖയായിരുന്നിട്ടും ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് വേണ്ടത്ര ചർച്ച ചെയ്യാൻ ഗാഡ്ഗിൽ അനുകൂല-പ്രതികൂല സമരക്കാർ തയ്യാറായില്ല. ജനവാസകേന്ദ്രങ്ങളെല്ലാം ഇ.എസ്.എയിൽ നിന്നും ഒഴിവാക്കപ്പെടണം, ജൈവകൃഷിയിലേക്ക് നേരിട്ട് പ്രവേശിക്കുന്നതിന് പകരം കേന്ദ്രസർക്കാർ പരിപാടിയായ ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ് നടപ്പിലാക്കണം, ഇ.എഫ്.എൽ (ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ് ആക്ട്) നിയമം എടുത്തുകളയണം, സങ്കരയിനം പശുക്കളെ വളർത്തുന്നതിന് നിരോധനമുണ്ടാകരുത്, പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുക, 1977 ന് മുമ്പ് ഭൂമി കൈവശമുള്ളവർക്കും പിൻഗാമികൾക്കും പട്ടയം നൽകണം എന്നിങ്ങനെ നീളുന്നു ഉമ്മൻ കമ്മിറ്റിയുടെ ശുപാർശകൾ. ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വച്ച ചർച്ചകളിൽ നിന്നെല്ലാം കാര്യങ്ങൾ ഏറെ വഴിമാറിപ്പോയി. മലയോരങ്ങളിൽ തലമുറകളായി ജീവിക്കുന്ന ആരുടെയും ഉപജീവനത്തിന് തടസ്സമുണ്ടാകരുത് എന്നതായിരുന്നു ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റിയുടെ പൊതുസമീപനം. പക്ഷെ, ഉപജീവനം നഷ്ടപ്പെടുന്ന വിധത്തിലുള്ള എന്ത് നിർദ്ദേശമാണ് ഗാഡ്ഗിൽ റിപ്പോർട്ടിലുള്ളതെന്ന് അവർ വ്യക്തമാക്കിയിട്ടില്ല. ചുരുക്കത്തിൽ, പാരിസ്ഥിതികമായി ദുർബലമായ ജനവാസ മേഖലകളിൽ (ഇ.എസ്.എ) വികസനാസൂത്രണം എങ്ങനെയാകണം എന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്ന ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഉള്ളടക്കത്തെപ്പോലും ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി മനസ്സിലാക്കിയതായി തോന്നുന്നില്ല. ജനവാസ മേഖലകൾക്കുവേണ്ടി തന്നെയാണ് 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം ഇ.എസ്.എ എന്ന സങ്കൽപ്പം മുന്നോട്ട് വച്ചത്. അതിന് വ്യക്തമായ ഒരു ആസൂത്രണരേഖ ചമയ്ക്കുകയാണ് ഗാഡ്ഗിൽ റിപ്പോർട്ട് ചെയതത്. ജനവാസ മേഖലകളെ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ നിന്നും ഒഴിവാക്കുന്നതിലൂടെ 1986ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ കാതൽ തന്നെ കാർന്നുപോവുകയാണ് സംഭവിക്കുന്നത്.

കസ്തൂരിരംഗൻ കമ്മിറ്റി കേരളത്തിൽ കണ്ടെത്തിയ പരിസ്ഥിതി ദുർബല പ്രദേശങ്ങളെ (123 വില്ലേജുകൾ) ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കമ്മിറ്റികൾ പുനഃർനിർണ്ണയിക്കുകയും ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന്റെ സഹായത്തോടെ ഭൂപടം തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടെ കസ്തൂരിരംഗൻ കമ്മിറ്റി കണ്ടെത്തിയ കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിസ്തീർണ്ണം 13,108 ച.കീമിയിൽ നിന്നും 9,993 ച.കിമീ ആയി കുറഞ്ഞു. കോഴിക്കോട് ജില്ലയിലെ ഒമ്പത് വില്ലേജുകളിലായി 516 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് ഇ.എസ്.എയായി കസ്തൂരിരംഗൻ കമ്മിറ്റി നിർദേശിച്ചത്. പിന്നീടത് 366.93 ചതുരശ്ര കിലോമീറ്ററായി കുറഞ്ഞു. കണ്ണൂർ ജില്ലയിലെ മൂന്ന് വില്ലേജുകളാണ് ഇ.എസ്.എയായി പ്രഖ്യാപിച്ചിരുന്നത്. 304 ചതുരശ്ര കിലോമീറ്ററായിരുന്നു നേരത്തെ വിസ്തൃതി. ഇപ്പോഴത് 243.02 ആയി. അട്ടപ്പാടിയിലെ ജനവാസ കേന്ദ്രങ്ങളെ അപ്പാടെ ഇ.എസ്.എയിൽ നിന്ന് ഒഴിവാക്കി. മലമ്പുഴ വില്ലേജിലെ മന്തക്കാടും ഒഴിവാക്കി. മലപ്പുറത്ത് നിലമ്പൂർ താലൂക്കിലെ പത്ത് വില്ലേജുകളാണ് ഇ.എസ്.എ മേഖല. 1012 ചതുരശ്ര കിലോമീറ്ററാണ് നേരത്തെ നിർദേശിച്ചതെങ്കിൽ ഇപ്പോഴത് 753.99 ചതുരശ്ര കിലോമീറ്ററായി. പാരിസ്ഥിതിക പ്രാധാന്യമുള്ള മതികെട്ടാൻചോല ഇ.എസ്.എയിൽ നിന്നും പുറത്തായി (പിന്നീട് ഉൾപ്പെടുത്തിയതായി അറിയുന്നു). വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത നിയന്ത്രണത്തിലുള്ള ഏലമലക്കാടുകൾ തോട്ടമായി കണക്കാക്കി ഇ.എസ്.എയിൽ നിന്നും ഒഴിവാക്കി. ഇടുക്കി ജില്ല

യിലെ പ്രധാന ടൗൺഷിപ്പുകളെല്ലാം ഒഴിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ഒരു ഭൂപടമാണ് ഇപ്പോൾ കേന്ദ്രത്തിന് മുന്നിലുള്ളത്. മറ്റ് സംസ്ഥാനങ്ങൾ കൂടി ഈ നടപടി പൂർത്തിയാക്കുന്നതോടെ അന്തിമ വിജ്ഞാപനം ഇറങ്ങുകയും ഈ പ്രദേശങ്ങളിൽ മാത്രമായി 'പശ്ചിമഘട്ട സംരക്ഷണം' ചുരുങ്ങുകയും ചെയ്യും. അതിദയനീയമായ ദുരന്തപര്യവസാനം.

ഈ പ്രതിസന്ധിയിൽ നിന്നാണ് പുതിയ ചില ശ്രമങ്ങൾക്ക് പരിസ്ഥിതി ഗ്രൂപ്പുകൾ മുന്നോട്ട് വരേണ്ടത്. കേരളം അന്തിമമായി സമർപ്പിച്ച ഇ.എസ്.എ പ്രദേശങ്ങളുടെ ഭൂപടം (വില്ലേജ് അടിസ്ഥാനത്തിൽ) സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ആ ഭൂപടങ്ങൾ ശേഖരിച്ച്, പരിസ്ഥിതി ദുർബല പ്രദേശങ്ങൾ കണ്ടെത്തുന്നതിനായുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ (പ്രണബ്സെൻ കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലുണ്ട്) വിശദമായി പരിശോധിച്ച് എന്തെല്ലാം വിധത്തിലുള്ള ഒഴിവാക്കലുകളാണ് നടന്നിട്ടുള്ളതെന്ന് കണ്ടെത്താവുന്നതാണ്. വളരെയധികം പ്രാധാന്യമുള്ള പ്രദേശങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടുത്തുന്നതിനായുള്ള ഇടപെടലുകൾ ആരംഭിക്കാം. ജനകീയമായിരിക്കണം അത്തരം ശ്രമങ്ങൾ. അതല്ലെങ്കിൽ ഇ.എസ്.എകളായി വിജ്ഞാപനം ചെയ്യേണ്ട പഞ്ചായത്തുകൾ ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തി, അവിടെയുള്ള ജനങ്ങളെ അക്കാര്യം ബോധ്യപ്പെടുത്തി, ഗ്രാമസഭകളുടെ തീരുമാനത്തോടെ പഞ്ചായത്തിന്റെ മുൻകൈയിൽ ആ പ്രദേശം ഇ.എസ്.എ ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനോട് ആവശ്യപ്പെടാൻ കഴിയും. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമം അനുസരിച്ച് ഏത് പ്രദേശവും അത്തരത്തിൽ ഇ.എസ്.എ ആയി പ്രഖ്യാപിക്കാൻ പരിസ്ഥിതി മന്ത്രാലയത്തിനാകും. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ തന്നെ വേണമെന്നില്ല. ഇന്ത്യയിൽ ഇരുപതോളം ഇ.എസ്.എകൾ രൂപീകൃതമായത് ആ രീതിയിലാണ്. അതിൽ പലതും പശ്ചിമഘട്ട മേഖലയിലുമാണ്. കേരളത്തിൽ മാത്രമാണ് ഇ.എസ്.എയെക്കുറിച്ചുള്ള ചർച്ച ആ രീതിയിൽ ജനകീയമാകാതെ പോയത്. (റിവർ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നെല്ലിയാമ്പതി, വാൽപ്പാറ മേഖലകൾ ഇ.എസ്.എ ആയി വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നിരുന്നു). ഗാഡ്ഗിൽ റിപ്പോർട്ട് ഇനിയും കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിയുമോ എന്നുള്ള ശ്രമങ്ങൾ ഒരുവശത്ത് നടക്കുമ്പോൾ തന്നെ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഉള്ളടക്കങ്ങളെ വിപുലീകരിക്കുന്നതിനുള്ള ഇത്തരം വികേന്ദ്രീകൃത ശ്രമങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും കാണാതെ പോകരുത്. സെക്രട്ടേറിയറ്റ് ധർണ്ണയും സമരപ്രഖ്യാപന കൺവെൻഷനും സംവാദ യാത്രയും പശ്ചിമഘട്ട സംരക്ഷണത്തിന് ആവശ്യമാണെങ്കിലും കാര്യങ്ങൾ അതുകൊണ്ട് മാത്രം മുന്നോട്ട് പോകാൻ കഴിയാത്തവിധം കുഴഞ്ഞുമറിഞ്ഞിരിക്കുന്നു. ഗാഡ്ഗിൽ റിപ്പോർട്ട് പശ്ചിമഘട്ട സംരക്ഷണത്തിന്റെ ഒരേയൊരു മാഗ്നാകാർട്ടയല്ല. സംരക്ഷണത്തിന് അനുഗുണമായ ഘടകങ്ങൾ അതിൽ ഏറെയുണ്ട്. പ്രത്യേകിച്ച് ഒരു പാരിസ്ഥിതിക ഭരണമാതൃക പശ്ചിമഘട്ട മേഖലയിൽ എങ്ങനെ പ്രവർത്തനസജ്ജമാക്കാം എന്നതു സംബന്ധിച്ച് വ്യക്തമായ പദ്ധതി തന്നെയുണ്ട്. അതേസമയം ഗാഡ്ഗിൽ റിപ്പോർട്ടിലെ ചില ശൂന്യസ്ഥലങ്ങൾ ഡോ. സതീഷ് ചന്ദ്രനെപ്പോലെയുള്ള പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു തുറന്ന സംവാദത്തിലൂടെ പുതിയ ശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യാം. മലയോര കർഷകർക്കും ഭൂരഹിതർക്കും ദളിത്-ആദിവാസി വിഭാഗങ്ങൾക്കും കൂടി പങ്കെടുക്കാൻ കഴിയുന്ന ഒരു കൂടിയിരുപ്പ്.

**മാഫിയകളെ തിരിച്ചറിയണം**

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെയുള്ള പ്രതിഷേധ സമരങ്ങളുടെ പേരിൽ കേരളത്തിൽ നടന്ന അക്രമങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് മറ്റൊരു പ്രധാനകാര്യം. കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ നടന്ന അക്രമങ്ങളെക്കുറിച്ചുള്ള അന്വേഷണം എങ്ങുമെത്തിയില്ല എന്നതാണ് സ്ഥിതി. 2013 നവംബർ 13ന് നടന്ന ഹർത്താലിൽ കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിലാണ് വലിയ അക്രമസംഭവങ്ങൾ അരങ്ങേറിയത്. സർക്കാർ വാഹനങ്ങളും വനം വകുപ്പിന്റെ റെയ്ഞ്ച് ഓഫിസും അക്രമികൾ കത്തിച്ചു. ചന്ദനകള്ളക്കടത്തിന്റേതടക്കം നിർണ്ണായക രേഖകൾ സൂക്ഷിച്ചിരുന്ന ഓഫീസാണ് കത്തിച്ചതെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു. മാരകായുധങ്ങളുമായെത്തിയാണ് അക്രമിസംഘം നടത്തിയ തേർവാഴ്ച നടത്തിയതെന്ന് താമരശ്ശേരി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ സജു.ടി.എസ് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ പരാതിയിൽ വിശദമായി പറയുന്നുണ്ട്. വിവരാകാശ നിയമം പ്രകാരം

⇨ *വനം നഷ്ടമായതോടെ ആന നാട്ടിലേക്ക് ഇറങ്ങാനുള്ള സാധ്യത കൂടുകയാണ് ചെയ്തിരിക്കുന്നത്* ⇨

**കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനെതിരെയുള്ള ആക്രമണത്തിൽ സംഭവിച്ച നാശനഷ്ടവും പോലീസ് കേസിന്റെ വിവരങ്ങളും.**

| ഡിവിഷൻ | റെയിഞ്ച് | ആക്രമണം നടന്ന ദിവസം | നാശനഷ്ടം സംഭവിച്ച വസ്തുക്കളുടെ വിവരം | നഷ്ടം സംഭവിച്ച തുക | എഫ്. ഐ.ആർ നമ്പറും പോലീസ് സ്റ്റേഷനും |
|---|---|---|---|---|---|
| കണ്ണൂർ | കൊട്ടിയൂർ | 14.11.13-15.11.13 | സ്റ്റേഷൻ ബിൽഡിംഗ്, ചുറ്റുമതിലും, ഗേറ്റും, ഫെൻസിങ്ങ് നിർമ്മാണ സാമഗ്രികളും, തൊണ്ടി മുതലുകളും ഉൾപ്പെടെ | 19,91,000/- | 676/13 കേളകം |
| | കൊട്ടിയൂർ | | കൊട്ടിയൂർ ഈസ്റ്റ് സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ ടൈപ്പ് 2 ക്വാർട്ടേഴ്സ് | 4,00,000/- | |
| | കൊട്ടിയൂർ | | ഡ്യൂപ്ലക്സ് ക്വാർട്ടേഴ്സ് | 10,000/- | |
| | കൊട്ടിയൂർ | | കൊട്ടിയൂർ വെസ്റ്റ് ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ ടൈപ്പ് 2 ക്വാർട്ടേഴ്സ് | 52,000/- | |
| | കൊട്ടിയൂർ | | ടൈപ്പ് 2 ക്വാർട്ടേഴ്സ്, പാൽച്ചുരം | 14,45,000/- | 681/13 കേളകം |
| 〃 | കൊട്ടിയൂർ | | അമ്പായത്തോട് വനസംരക്ഷണ സമിതി ഓഫീസ് | 30,00,000/- | 679/13 കേളകം |
| 〃 | കൊട്ടിയൂർ | | മണത്തണ സെക്ഷനിലെ യക്ഷിപ്പാറയിലുള്ള കെട്ടിടം | 10,000/- | 682/13 കേളകം |
| കോഴിക്കോട് | താമരശ്ശേരി | 15.11.13 | താമരശ്ശേരി റെയിഞ്ചാഫിസിൽ നടന്ന ആക്രമണങ്ങൾ | | 915/13 DYSP താമരശ്ശേരി |
| | താമരശ്ശേരി | 15.11.13 | ഈങ്ങാപ്പുഴ, ചുരംഭാഗം, വനപർവ്വം, കനലാട് സെക്ഷൻ ഏരിയയിൽ നടന്ന ആക്രമണങ്ങൾ | | 508/13 താമരശ്ശേരി |
| | താമരശ്ശേരി | 15.11.13 | കാക്കവയൽകുന്ന് VSS ആസ്ഥാനം ആക്രമിച്ചത് | | 292/13 തിരുവമ്പാടി |
| | പെരുവണ്ണാമൂഴി | 15.11.13 | പുഴിത്തോട് വി.എസ്.എസ് കെട്ടിടം ആക്രമിച്ചത് | | 348/13 പെരുവണ്ണാമൂഴി |
| നോർത്ത് വയനാട് | ബേഗൂർ | 16.11.13, | കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശക്കെതിരെ നടന്ന ഹർത്താലിനിടയിൽ കാട്ടിക്കുളത്തുള്ള തൃശ്ശിലേരി സെക്ഷൻ ഓഫീസിൽ അതിക്രമിച്ച് കയറി ജനൽച്ചില്ലുകൾ തകർക്കുകയും വാതിൽ തകർത്ത് തീയിടുകയും ചെയ്തു. | 15,000/- | 423/13 തിരുനെല്ലി |
| | ബേഗൂർ | 16.11.13 | കസ്തൂരിരംഗൻ ശുപാർശക്കെതിരെ നടന്ന പ്രതിഷേധത്തിൽ 15.11.2013 ന് പകൽ 12.00 മണിക്ക് ഒരുപറ്റം ആളുകൾ 43-ാം മൈലിലെ ഫോറസ്റ്റ് ചെക്ക് പോസ്റ്റ് ആക്രമിക്കുകയും ബോർഡ്, ക്രോസ്ബാർ എന്നിവ നശിപ്പിക്കുകയും ചെയ്തു. | 20,000/- | 331/13 തലപ്പുഴ |
| 〃 | ബേഗൂർ | 16.11.13 | കസ്തൂരിരംഗൻ ശുപാർശക്കെതിരെ നടന്ന പ്രതിഷേധത്തിൽ 16.11.2013 ന് രാവിലെ 10.00 മണിയോടെ വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ ആക്രമിച്ചു. | 25,000/- | 332/13 തലപ്പുഴ |
| 〃 | ബേഗൂർ | 16.11.13 | കസ്തൂരിരംഗൻ ശുപാർശക്കെതിരെ നടന്ന പ്രതിഷേധത്തിൽ 15.11.2013 ന് രാത്രി 10.00 മണിയോടെ പാതോത്തുള്ള ടൈപ്പ് -2 ക്വാർട്ടേഴ്സ് ആക്രമിച്ചു തീയിട്ടു. | 9,00,000/- | 415/13 വെള്ളമുണ്ട |
| 〃 | ബേഗൂർ | 16.11.13 | കസ്തൂരിരംഗൻ ശുപാർശക്കെതിരെ നടന്ന പ്രതിഷേധത്തിൽ 16.11.2013 ന് കുഞ്ഞോം ഫോറസ്റ്റ് സ്റ്റേഷന്റെ ബോർഡും ഭിത്തികളും കല്ലെറിഞ്ഞു തകർത്തു. | 5,000/- | 416/13 വെള്ളമുണ്ട |

നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡി. ജയപ്രസാദ് ഐ.എഫ്.എസ് സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും.

കേരളീയത്തിന് ലഭിച്ച ഈ രേഖ അത്യന്തം ഗുരുതരമായ വിവരങ്ങളാണ് വെളിപ്പെടുത്തുന്നത്. അറിയിച്ചിട്ടും യഥാസമയം പോലീസ് എത്താതിരുന്നതുകൊണ്ടാണ് അക്രമികൾ അഴിഞ്ഞാടിയതെന്ന് റെയ്ഞ്ച് ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. താമരശ്ശേരി ചുങ്കം ജംഗ്ഷനിൽ സംഘർഷം തുടങ്ങിയപ്പോൾ തന്നെ വനം വകുപ്പ് ഓഫീസിനും ഭീഷണിയുണ്ടാകാൻ ഇടയുണ്ടെന്ന വിവരം പോലീസിനെ അറിയിച്ചിരുന്നു. എന്നാൽ ഓഫീസും ക്വാർട്ടേഴ്സും പൂട്ടി സംഭവസ്ഥലത്ത് നിന്നും മാറി നിൽക്കാനാണ് പോലീസ് പറഞ്ഞതെന്ന് റെയ്ഞ്ച് ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. ഗേറ്റ് തകർത്ത് കടന്നെത്തിയ അക്രമികൾ തീ കത്തിക്കുക എന്ന വ്യക്തമായ ലക്ഷ്യത്തോടെയാണ് എത്തിയത്. ഓഫീസ് പൊളിച്ച് അകത്ത് കടന്ന് രേഖകൾ മാത്രമെടുത്ത് കത്തിക്കുകയാണ് അവർ ആദ്യം ചെയ്തത്. തീ

⇨ *തിരിച്ചറിഞ്ഞവരെയാണ് പ്രതികളാക്കിയതെന്ന വാദത്തിൽ പോലീസ് ഉറച്ചുനിൽക്കുന്നുണ്ട്* ⇨

അണയ്ക്കാതിരിക്കുന്നതിനായി കോമ്പൗണ്ടിലെ രണ്ട് കിണറുകളുടെയും വാട്ടർ പമ്പ് സെറ്റും ടാങ്കിൽ നിന്നുള്ള പൈപ്പുകളും നശിപ്പിച്ചു. റെയ്ഞ്ച് ഓഫീസ് ഉപയോഗിച്ചിരുന്ന ജീപ്പും തൊണ്ടിയായി പിടിച്ച വാഹനങ്ങളും അഗ്നിക്കിരയാക്കി-റെയ്ഞ്ച് ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. അതേദിവസവും അടുത്തുള്ള ദിവസങ്ങളിലുമായി പെരുവണ്ണാമൂഴി റെയ്ഞ്ച് ഓഫീസ്, പൂഴിത്തോട് വനസംരക്ഷണ സമിതി ഓഫീസ്, കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ റെയ്ഞ്ചിന് കീഴിൽ വരുന്ന വിവിധ ഓഫീസുകൾ, നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ചിന് കീഴിൽ വരുന്ന ഓഫീസുകൾ എന്നിവയ്ക്ക് നേരെയും അക്രമമുണ്ടായി. താമരശ്ശേരി വനം വകുപ്പ് ഓഫീസ് കത്തിച്ച സംഭവത്തിൽ ചെമ്പുകടവ് പള്ളിവികാരി സജി മംഗരയിൽ എന്ന വൈദികനും കോടഞ്ചേരി പഞ്ചായത്ത് മെമ്പർ ജെയ്സൺ കിഴക്കുന്നേലും ഉൾപ്പെട്ടിരുന്നതായി പോലീസിന്റെ എഫ്.ഐ.ആറിൽ ഉണ്ടായിരുന്നു. എന്നാൽ പോലീസ് പ്രതികളാണെന്ന് കണ്ടെത്തിയ 11 പേരെ വെറുതെ വിട്ടുകൊണ്ടുള്ള റിപ്പോർട്ടാണ് സംഭവം അന്വേഷിച്ച ക്രൈംബ്രാഞ്ച് നൽകിയത്. മൊബൈൽ ലൊക്കേഷൻ പരിശോധിച്ചപ്പോൾ പ്രതികൾ അക്രമസ്ഥലത്തുണ്ടായിരുന്നില്ല എന്ന് ക്രൈംബ്രാഞ്ച് പറയുന്നു. എന്നാൽ വീഡിയോ ക്ലിപ്പുകളിൽ നിന്നും ഫോട്ടോയിൽ നിന്നും തിരിച്ചറിഞ്ഞവരെയാണ് പ്രതികളാക്കിയതെന്ന വാദത്തിൽ പോലീസ് ഉറച്ചുനിൽക്കുന്നുണ്ട്. കേസിൽ ഉൾപ്പെട്ടിരുന്നവർക്കെല്ലാം ജാമ്യം ലഭിച്ചു. അന്വേഷണം അട്ടിമറിക്കുന്നതിനായി നടക്കുന്ന ശ്രമങ്ങൾക്കെതിരെ പൊതുതാത്പര്യ ഹർജി ഫയൽ ചെയ്യാനൊരുങ്ങുകയാണ് കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ. "കൊട്ടിയൂരിലും വയനാട്ടിലുമെല്ലാം സമാന സ്ഥിതിയാണുള്ളത്. പോലീസ് കേസെടുത്തെങ്കിലും അന്വേഷണം മുന്നോട്ട് പോകുന്നില്ല. പോലീസ് അന്നുതന്നെ മോശമായ രീതിയിലാണ് ഇടപെട്ടത്. അക്രമം നടന്നിട്ടും ഉടൻ സംഭവസ്ഥലത്തെത്താൻ അവർ തയ്യാറായിട്ടില്ല. ജീരകപ്പാറ ഭൂമിയിടപാട് കേസിന്റെ ഫയലും മാൻവേട്ട കേസുകളുടെ ഫയലും വനഭൂമി കയ്യേറിയ ചില ക്വാറികൾക്കെതിരെ നടപടിയെടുത്തതിന്റെ ഫയലും കത്തിച്ചിട്ടുണ്ട്. ആ കേസുകൾക്ക് പിന്നിലുള്ളവരെയെല്ലാം ഇക്കാര്യത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്. സമഗ്രമായ അന്വേഷണം നടക്കണം. സി.ബി.ഐ തന്നെ അന്വേഷിക്കണമെന്നാണ് ഞങ്ങളുടെ ആവശ്യം." ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എം.വി. ബേബി കേരളീയത്തിനോട് പറഞ്ഞു.

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ രൂപീകരണത്തിലോ നടപ്പിലാക്കലിലോ പ്രത്യേക ചുമതലകളൊന്നുമില്ലാത്ത വനം വകുപ്പ് പ്രസ്തുത വിഷയത്തിന്റെ പേരിൽ ആക്രമിക്കപ്പെടുന്നു എന്നത് ഗൗരവമുള്ള വിഷയമാണ്. പ്രത്യേകിച്ച് പ്രമാദമായ വനം കേസുകൾ സൂക്ഷിച്ചിരുന്ന രേഖകൾ കത്തിക്കുക എന്നത് സംഭവത്തിലെ മാഫിയകളുടെ ബന്ധം തന്നെയാണ് കാണിക്കുന്നത്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ പ്രതിഷേധങ്ങൾക്ക് പിന്നിലുണ്ടായിരുന്ന മാഫിയ ആരെല്ലാമാണെന്ന് വ്യക്തമാകുന്നതിന് ഈ വിഷയത്തിൽ വസ്തുതാപരമായ അന്വേഷണം നടക്കേണ്ടതുണ്ട്. പരിസ്ഥിതി സംഘങ്ങൾ അക്കാര്യത്തിൽക്കൂടി ഉടൻ ഇടപെടേണ്ടിയിരിക്കുന്നു.

### വയനാട് കാട് കത്തിക്കൽ

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെ തുടർന്ന് കേരളത്തിലുണ്ടായ ഏറ്റവും ഹിംസാത്മകമായ പ്രതിഷേധമായിരുന്നു വയനാട്ടിലെ കാട് കത്തിക്കൽ. 2013 മാർച്ച് 15ന് ഉണ്ടായ കാട്ടുതീ മനുഷ്യൻ മനഃപൂർവ്വമുണ്ടാക്കിയതാണെന്ന് തെളിഞ്ഞിട്ടും അന്വേഷണം എങ്ങുമെത്താത്ത സ്ഥിതിയാണുള്ളത്. വനം വകുപ്പ് ജി.പി.എസ് വഴിയും അല്ലാതെയും നടത്തിയ അന്വേഷണത്തിൽ 417.89 ഹെക്ടർ വനഭൂമി കത്തി നശിച്ചതായാണ് കണ്ടെത്തിയിട്ടുള്ളത്. ഈ സാങ്കേതിക കണക്കുകൾക്കപ്പുറമാണ് കാട് കത്തിയതിന്റെ നഷ്ടം. പാരിസ്ഥിതികമായി അത്രയേറെ പ്രധാന്യമുള്ള ഒരു വനപ്രദേശമാണ് നഷ്ടമായിരിക്കുന്നത്. കാടിന് ഒരു തിരിച്ചുവരവ് അവിടെ സാധ്യമല്ലെന്ന് കത്തിയ വനത്തിന്റെ പുനരുജ്ജീവന

> പോലീസ് പ്രതികളാണെന്ന് കണ്ടെത്തിയ 11 പേരെ വെറുതെ വിട്ടുകൊണ്ടുള്ള റിപ്പോർട്ടാണ് സംഭവം അന്വേഷിച്ച ക്രൈംബ്രാഞ്ച് നൽകിയത്. മൊബൈൽ ലൊക്കേഷൻ പരിശോധിച്ചപ്പോൾ പ്രതികൾ അക്രമസ്ഥലത്തുണ്ടായിരുന്നില്ല എന്ന് ക്രൈംബ്രാഞ്ച് പറയുന്നു. അന്വേഷണം അട്ടിമറിക്കുന്നതിനായി നടക്കുന്ന ശ്രമങ്ങൾക്കെതിരെ പൊതുതാത്പര്യ ഹർജി ഫയൽ ചെയ്യാനൊരുങ്ങുകയാണ് കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ

*⇨ കാട് ഒരിക്കലും അവിടെ തിരികെവരാൻ പോകുന്നില്ല എന്നതിന് തെളിവാണ് ഇതെല്ലാമെന്ന് ജിനിൽകുമാർ ⇨*

ത്തെക്കുറിച്ച് പഠിക്കുന്ന വിദ്യാർത്ഥി ജിനിൽകുമാർ കേരളീയത്തിനോട് പറഞ്ഞു. കാട് കത്തിയ ബേഗൂർ റെയ്ഞ്ചിന്റെ ഭാഗത്തെ കത്തിയതും കത്താത്തുമായ 15 പ്ലോട്ടുകൾ (270 സ്ക്വയർ മീറ്റർ) തെരഞ്ഞെടുത്ത് താരതമ്യം നടത്തിയാണ് ജിനിൽകുമാർ പഠനം നടത്തിയിരിക്കുന്നത്. അമൂല്യങ്ങളായി ഔഷധസസ്യങ്ങളെയാണ് തീ പ്രധാനമായും കവർന്നെടുത്തതെന്ന് പഠനം പറയുന്നു. തീപിടിക്കാത്തിടത്ത് 5545 ഔഷധ സസ്യങ്ങൾ കണ്ടെത്തിയപ്പോൾ തീപിടുത്തമുണ്ടായിടത്ത് 1174 എണ്ണം മാത്രമാണ് കാണാൻ കഴിഞ്ഞത്. തീപിടിക്കാത്തിടത്ത് 7029 ചെടികൾ ഉള്ളതായി കണ്ടെത്തിയപ്പോൾ തീപിടിച്ചിടത്ത് വെറും 1825 ചെടികൾ മാത്രം ഉള്ളതായി പഠനം പറയുന്നു. മൺസൂൺ കഴിഞ്ഞതോടെ കത്തിയ സ്ഥലത്ത് നിന്നും വീണ്ടും മുളച്ചുവരുന്നത് വള്ളിച്ചെടികളാണ്. ദ്വിതീയവനത്തിന്റെ ഇനത്തിൽപ്പെട്ട ചെടികളാണ് വരുന്നവയെല്ലാം. (നൈസർഗിക നിബിഡവനം നശിച്ചശേഷം വളർന്നുവരുന്ന ചെടികൾ). മണ്ണൊലിപ്പും കാര്യമായ തോതിൽ സംഭവിച്ചിട്ടുണ്ട്. കാട് ഒരിക്കലും അവിടെ തിരികെവരാൻ പോകുന്നില്ല എന്നതിന് തെളിവാണ് ഇതെല്ലാമെന്ന് ജിനിൽകുമാർ പഠനത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നു.

"കബനിയുടെ പോഷകനദിയായ ബാവലി പുഴയുടെ നീർത്തടങ്ങളിലെ കാടാണ് നഷ്ടമായിരിക്കുന്നത്. പെയ്യുന്ന മഴയെ നന്നായി പിടിച്ചുനിർത്താൻ ശേഷിയുള്ള കാടുകളായിരുന്നു ഇത്. കത്തിക്കഴിഞ്ഞാൽ സസ്യവൃക്ഷാദികളുടെ സംവിധാനത്തിൽ (vegetation composition) കാര്യമായ മാറ്റമുണ്ടാകും. ഇപ്പോൾ അവിടെ കളകളാണ് വന്നുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് പച്ച, കൊങ്ങിണി, തൊട്ടാവാടി എന്നിവയെല്ലാം കാണാം. സ്വാഭവിക വനമായി ഈ പ്രദേശം മാറുന്നതിന് കളകളുടെ സാന്നിധ്യം തടസ്സമാകും. നീലഗിരി ബയോസ്ഫിയർ റിസർവ്വുമായി വയനാടിന്റെ പടിഞ്ഞാറൻ കാടുകളെ ബന്ധിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട മേഖലയാണ് കത്തിപ്പോയത്. ഏഷ്യൻ ആനകളുടെ പ്രധാനപ്പെട്ട കോറിഡോറാണ് തീ കയറിയ ചാക്കിനി-അപ്പപ്പാറ ഭാഗം. ഏഷ്യൻ ആനകൾക്ക് ആരോഗ്യത്തോടെ നിലനിൽക്കുന്നതിന് സാഹചര്യമുള്ള വനം നഷ്ടമായതോടെ ആന നാട്ടിലേക്ക് ഇറങ്ങാനുള്ള സാധ്യത കൂടുകയാണ് ചെയ്തിരിക്കുന്നത്. ഇപ്പോൾ തന്നെ വയനാട്ടിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലാണെന്നോർക്കണം." ഈ മേഖലയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ഫേൺസ് എന്ന പരിസ്ഥിതി സംഘടനയുടെ പ്രവർത്തകനായ പി.എ. അരുൺ പറയുന്നു. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിനോടുള്ള പ്രതിഷേധത്തെ തുടർന്നുണ്ടായ ഇത്രയും ഗുരുതരമായ ഒരു പാരിസ്ഥിതിക ദുരന്തത്തിന് കാരണക്കാരയവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അധികൃതർ ഇക്കാര്യത്തിൽ പുലർത്തുന്ന നിസ്സംഗതയോട് പ്രതികരിക്കുന്നതിനൊപ്പം കാട് മനഃപൂർവ്വം കത്തിക്കുന്ന തരത്തിലേക്ക് എത്തിച്ചേർന്ന തദ്ദേശീയരുടെ മാനസികാവസ്ഥകളോട് സംവദിക്കാനും കഴിയണം. നഷ്ടമായതെന്തെന്ന് അവരെ ബോധ്യപ്പെടുത്താനാകണം.

**കാടിനെ കൊല്ലുന്ന കാനനവാസം**

ശബരിമല മാസ്റ്റർ പ്ലാനിന്റെ പേരിൽ പെരിയാർ കടുവാ സങ്കേതത്തിലെ സമ്പന്നമായ വനഭൂമി വിട്ടുകിട്ടണമെന്ന് സംസ്ഥാന സർക്കാർ ഇപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് പരിസ്ഥിതി ലോലമായി കണ്ടെത്തിയ പെരിനാട്, വടശ്ശേരിക്കര വില്ലേജുകളിലായാണ് ശബരിമല ഉൾപ്പെടുന്ന പ്രദേശം വരുന്നത്. അതിനാൽ കസ്തൂരിരംഗൻ റിപ്പോർട്ടിനെ തുടർന്നുള്ള വിജ്ഞാപനം പറയുന്ന നിയന്ത്രണങ്ങൾ ശബരിമല പ്രദേശത്തിനും ബാധകമാണ്. 20,000 ചതുരശ്ര മീറ്ററോ അതിൽ കൂടുതലോ ഉള്ള കെട്ടിടങ്ങൾ പാടില്ലെന്നും 50 ഹെക്ടറിലധികം വരുന്ന ടൗൺഷിപ്പ് പാടില്ലെന്നും വിജ്ഞാപനം പറയുന്നുണ്ട്. ഇതെല്ലാം ഉൾപ്പെടുന്നതാണ് ശബരിമല മാസ്റ്റർ പ്ലാൻ. തീർത്ഥാടകരുടെ എണ്ണം കൂടുന്നതുമൂലമുള്ള ഒരനുമതിയും വേണ്ടാത്ത വനനശീരണത്തിന് നീലിമലക്കാടുകൾ ഇരയായിത്തീർന്നിരിക്കുകയാണ്. (പശ്ചിമഘട്ട സംരക്ഷണത്തിൽ നിലപാടുണ്ടെന്ന് പറയുന്ന ചില സംഘടനകൾ സീസണാകുമ്പോൾ ഇരുമുടിയേന്തി മലകയറുന്നതിനാൽ ഇക്കാര്യങ്ങളൊന്നും മിണ്ടാറേയില്ല). ഭക്തിയുടെ അതുവഴി വരുന്ന വരുമാനത്തിന്റെയും പേരിൽ ഇനിയും കാട് ക്ലിയർ ചെയ്യാൻ തയ്യാറെടുത്തിരിക്കുന്ന ശബരിമലയുടെ കാര്യത്തിലും ഇടപെടലുകൾ അവശ്യമായിരിക്കുന്നു.

ഗാഡ്ഗിൽ റിപ്പോർട്ടിന് വേണ്ടി, പശ്ചിമഘട്ട സംരക്ഷണത്തിന് വേണ്ടി നടന്ന അടുത്തകാലത്ത് സജീവമായ സമരങ്ങളുടെ അടിയന്തിര ശ്രദ്ധയിലേക്ക് വരേണ്ട ചില കാര്യങ്ങൾ മാത്രമാണിതെല്ലാം. ഇതിനുമപ്പുറം എത്രയോ സമരങ്ങളും സംവാദങ്ങളും നെയ്തെടുക്കേണ്ടിവരും ഈ പശ്ചിമഘട്ടം ഒന്ന് സംരക്ഷിക്കാൻ.■